സ്കൂളിന്റെ പേര് :

# പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്കൂൾ, പെരിങ്ങര

സബ് ജില്ല:

തിരുവല്ല

വിദ്യാഭ്യാസ ജില്ല:

തിരുവല്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം

1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘു ചരിത്രം
3. വിദ്യാലയ മികവുകൾ
4. നിലവിലെ അവസ്ഥാ വിശകലനം
5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
6. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിട്ടറിംഗ്
9. ഉപസംഹാരം

# ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ലാ താലൂക്കിന്റെ ഏറ്റവും പടിഞ്ഞാറ് അപ്പർ കുട്ടനാട് മേഖലയിൽപെട്ട പെരിങ്ങര പഞ്ചായത്തിലാണ് പ്രിൻസ് മാർത്താണ്ഡവർമ്മ സ്കൂൾ സ്ഥിതി ചെയ്യുന്നത്. സാമൂഹ്യ സേവനം വ്രതമായി കൈക്കൊണ്ട് കാന്ത ദർശിയായ പെരിങ്ങര ഇളമൺ മനയ്ക്കൽ ശ്രീ. വി.പി. കൃഷ്ണൻ നമ്പൂതിരി അവറുകളാണ് പ്രിൻസ് മാർത്താണ്ഡ വർമ്മ സ്കൂളുകളുടെ സ്ഥാപകൻ. സമുദായത്തിന്റെ കടുംപിടുത്തത്തിൽ പഠനത്തിന് സാധ്യത യില്ലാതിരുന്ന ഒരു വൻ ജനാവലിയുടെ ഉന്നമനത്തിനുവേണ്ടിയാണ് അദ്ദേഹം ഈ സ്കൂൾ ആരംഭിച്ചത്.

കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി പ്രവർത്തിച്ചുവരുന്ന ഈ സരസ്വതി ക്ഷേത്രത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് പഠിക്കുന്നത്.



# വിദ്യാലയ സ്ഥാപകൻ

## ശ്രീ. വി.പി. കൃഷ്ണൻ നമ്പൂതിരി

(ഇളമൺമന, പെരിങ്ങര)



# പ്രിൻസ് മാർത്താണ്ഡവർമ്മ സ്കൂൾ

## പെരിങ്ങര

# സ്കൂളിന്റെ പൊതു ചരിത്രം

പ്ലാറ്റിനം ജൂബിലി ആഘോഷിച്ച പ്രിൻസ് മാർത്താണ്ഡവർമ്മ വിദ്യാലയ സമുച്ചയത്തിന്റെ സ്ഥാപകൻ ചരിതം ഇളമൺ മനയ്ക്കൽ ശ്രീ. വി.പി. കൃഷ്ണൻ നമ്പൂതിരി അവർകളാണ്. 1915 ൽ അദ്ദേഹം സ്ഥാപിച്ച ചെറിയ മല യാളം പ്രൈമറി വിദ്യാലയമാണ് വളർന്ന് നേഴ്സറി സ്കൂൾ, പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ട്രെയിനിംഗ് സ്കൂൾ എന്നീ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ബൃഹ ത്താൻ വിദ്യാഭ്യാസ സ്ഥാപനമായി പരിണമിച്ചത്. വിശാലമായ സ്കൂൾ വ ച്ചിൽ പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിച്ചുക ണ്ടാണ് തുടക്കം കുറിക്കുന്നത്. വിദ്യാലയത്തിന്റെ ഹെഡ്മാസ്റ്ററായി കടപ്ര ശ്രീ. കൃഷ്ണപ്പണിക്കർ അവർകളെ ചുമതലപ്പെടുത്തി

മലയാളം പ്രൈമറി സ്കൂൾ തുടരെ 14-ാം ക്ലാസ് വരെയുള്ള മലയാളം ലോവർ സ്കൂളായും 8 ഉം, 9 ഉം ക്ലാസ്സുകൾ കൂട്ടിച്ചേർത്ത് മലയാളം ഹയർ സ്കൂളായും ഉയർത്തപ്പെട്ടു. അതോടുകൂടി തന്നെ മലയാളം ട്രെയിനിംഗ് സ്കൂൾ തുടങ്ങുന്ന തിനുള്ള അനുവാദവും സമ്പാദിച്ചു. സ്കൂളിൽ പ്രഗത്ഭരും പരിചയ സമ്പന്നരുമായ അധ്യാപകരെ നിയമിക്കുന്നതിന് ആദ്യം മുതലെ ശ്രദ്ധിച്ചുപോന്നു. പണ്ഡിതനും പ്രശസ്തനുമായ ശ്രീ. എം.വി കൃഷ്ണവാര്യർ ഇവിടെ ട്രെയിനിംഗ് സ്കൂൾ ഹെഡ് മാസ്റ്ററായി പ്രവർത്തിച്ചിട്ടുണ്ട്. മലയാളം സ്കൂൾ പ്രവർത്തിക്കുന്നതിനോടൊപ്പം ഇംഗ്ലീഷ് മിഡിൽ നിങ്ങൾ ആരാധിക്കുന്നതിനുള്ള ഉത്തരവ് നേടി.

പെരിങ്ങരയിൽ പ്രവർത്തിച്ചിരുന്ന ഇംഗ്ലീഷ് മിഡിൽ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഇംഗ്ലീഷ് ഹൈസ്കൂളാക്കാനായിരുന്നു. അടുത്ത ശ്രമം. തിരുവിതാം കൂർ ഭരിച്ചിരുന്ന ശ്രീ ചിത്തിര തിരുന്നാൾ മഹാരാജാവിനെ മുഖം കാണിച്ച് സ്വർണ്ണത്തളികയിൽ ഉപഹാരം സമർപ്പിച്ചാണ് 1944 ൽ ഹൈസ്കൂൾ ആരംഭിക്കുന്നതിനു ഉത്തരവ് കരസ്ഥമാക്കുന്നത്. ആ സ്മരണ നിലനിർത്തുന്നതിനായി സ്കൂളിന് പ്രിൻസ് മാർത്താണ്ഡ വർമ്മ ഇംഗ്ലീഷ് ഹൈസ്കൂൾ എന്ന നാമകരണം ചെയ്തു. ആദ്യ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ശ്രീ. എൻ. കുഞ്ഞുരാമൻ നായർ അവർ നിയമിച്ചു. ശ്രീ. ടി.സി. മാത്യു, എൻ, രാമയ്യർ, കെ. ഇ. മാത്യു എന്നീ പ്രഗത്ഭരായ അധ്യാപകർ സ്കൂളിനെ വളർച്ചയുടെ പടവു കൾ കയറുന്നതിന് സഹായിച്ചു.

ആദ്യ ബാച്ച് ESLC കുട്ടികൾ പൊതുപരീക്ഷ എഴുതുന്നതിന് തയ്യാറായി കൊണ്ടിരിക്കെ 1946 ജനുവരി 26 ന് സ്ഥാപകൻ ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ചരമദിനം സ്ഥാപകദിനമായി ആചരിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പരിഷ്കരണങ്ങളുടെ ഭാഗമായി മലയാളം 1953 ട ട്രെയിനിംഗ് സ്കൂൾ നിർത്തലാക്കുകയും പുതിയ സിലബസോടുകൂടി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുകയും ചെയ്തു. ഹൈസ്കൂളിൽ നിന്നും പ്രൈമറി വിഭാഗവും ട്രെയിനിംഗ് വിഭാഗവും വേർപെടുത്തി പ്രത്യേക ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കി, ബേസിക് ട്രെയിനിംഗ് സ്കൂളിനുവേണ്ടി കേന്ദ്രഗവൺമെന്റ് സഹായത്തോടുകൂടി പുതിയ കെട്ടിടം നിർമ്മിച്ചു. ഈ ഹാളിലാണ് ഇന്നും ട്രെയിനിംഗ് സ്കൂൾ പ്രവർത്തിക്കുന്നത്. ടി.ടി.സി. കോഴ്സ് ദ്വിവത്സര കോഴ്സായി.

നേട്ടങ്ങളുടെ 25 വർഷങ്ങൾ പൂർത്തിയാക്കിയതിനെ തുടർന്ന് 1960-61 ൽ രജത ജൂബിലി അത്യധികം ഭംഗിയായി ആഘോഷിച്ചു. എൻ.എസ്.എസ്. സ്ഥാപകൻ ശ്രീ മന്നത്തു പദ്മനാഭൻ, ശ്രീ. മാർത്താണ്ഡവർമ്മ ഇളയ രാജാവ്, കേരള സംസ്ഥാന മന്ത്രിമാർ മുതലായ പ്രമുഖർ രജത ജൂബിലി സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

2010 ൽ ഈ സ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. 2011 ൽ പത്തനംതിട്ട ജില്ലാ കലക്ടർ ആയിരുന്ന പി. വേണുഗോപാൽ ഐ.എ.എസ് ഈ പ്രിൻസ് ക്യാമ്പസ് ലഹരി വിരുദ്ധ ക്യാമ്പസായി പ്രഖ്യാപിച്ചു.

ശ്രീ. മാർത്താണ്ഡവർമ്മ ഇളയ രാജാവ്, മാർ ക്രിസോസ്റ്റം മെത്രാപോലീത്ത, വിദ്യാഭ്യാസ വിദഗ്ദ്ധർ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ, പൂർവ്വാദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. പ്രശസ്ത സിനിമാ താരം ജഗതി ശ്രീകുമാർ, ക്യാൻസർ രോഗ വിദഗ്ദ്ധൻ പി.വി. ഗംഗാധരൻ അവർകൾ തുടങ്ങിയവരുടെ സാന്നിധ്യം ഈ യോഗത്തെ ധന്യമാക്കി. 2012 ൽ സ്കൂളിന് സ്വന്തമായി ഒരു ബസ് വാങ്ങാൻ സാധിച്ചു.

## വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന

## പരിമിതികൾ പ്രതിസന്ധികൾ

- സ്കൂളിലെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്
- വിദ്യാർത്ഥികൾ ഇടപഴകുന്ന സാമൂഹിക ചുറ്റുപാടുകൾ
- കുട്ടികളുടെ ഗൃഹാന്തരീക്ഷം
- കുട്ടികളുടെ സ്വഭാവത്തിലെ മൂല്യശോഷണം
- മഴക്കാലത്ത് അദ്ധ്യയനം തടസ്സപ്പെടുന്നത്.
- രക്ഷകർത്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ
- ആവശ്യമായ ഉപകരണങ്ങളുടെ അഭാവം
- സ്കൂൾ പരിസരം വെള്ളം കെട്ടി നിൽക്കുന്നതിനാൽ വൃത്തിയാക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട്

## വരും വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ

## ഉദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾ

- വായന, ലേഖനം എന്നീ മേഖലകളിലെ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഭാഷാപോഷണ പരിപാടി
- കുട്ടികളിൽ ശുചിത്വശീലം വളർത്തുന്നതിനായി സ്കൂൾ ശുചിത്വ പരിപാടി
- ടാലന്റ് ലാബ്
- ഔഷധത്തോട്ട നിർമ്മാണം
- ഊർജ്ജ സംരക്ഷണ പരിപാടികൾ
- സൈബർ ലോകത്തെക്കുറിച്ചുള്ള ബോധവത്ക്കരണം
- CWSN കുട്ടികൾക്ക് പ്രത്യേക തൊഴിൽ പരിശീലനം. ഇവരെ സഹായിക്കുന്ന തിനായി മറ്റ് കുട്ടികളുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിവിധ ക്ലബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ
- കൗൺസിലിംഗ് ക്ലാസ്സുകൾ
- വിവിധ തൊഴിൽ പരിശീലനങ്ങൾ
- പൂർവ്വ വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
- കുട്ടികളുടെ വിവിധ ശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ
- കോർണർ പി.ടി.എ
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ
- യോഗ ക്ലാസ്സ്

# മേഖല : ഗണിതം

## പൊതുലക്ഷ്യങ്ങൾ

1. ഗണിതശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക; ഗണിതശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3. ഗണിത പ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ഗണിതശാസ്ത്ര ഉപകരണ ങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക ഗണിതശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.

5. ഓരോ പ്രദേശത്തിന്റെയും തനത് ഗണിത രീതികളെ പരിചയപ്പെടുത്തുക.

6. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.

7. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.

8. ഗണിതശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

9. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഗണിതത്തിന്റെ ആവശ്യകത ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ (UP) | ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവയ്ക്കുക. | ദീർഘകാലം | SRG കൺവീനർ ഗണിത അദ്ധ്യാപകർ | |
| 2. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീയഡ് | ഗണിത അദ്ധ്യാപകർ സമർത്ഥരായ കുട്ടികൾ | |
| 3. | ഗണിത അദ്ധ്യാപക ശാക്തീകരണം (UP & HS) | ഗണിതലാബ് രൂപീകരണം, ഗണിത പഠനസഹായി ശേഖരണം, ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എസ്.ആർ.ജി യിൽ പരസ്പര ഷെയറിംഗ്, ഗണിത അദ്ധ്യാപക കൂട്ടായ്മകളിൽ പങ്കെടുക്കൽ | ദീർഘകാലം | | |
| 4. | വിശ്രമവേളകൾ ഗണിതശേഷികൾ പരിശീലിപ്പിക്കുന്ന തിന് പ്രയോജനപ്പെടുത്തുന്നു. (UP & HS) | ഗണിത കേളികൾ, ഗണിത ക്വിസ്, ഗണിത മോഡലുകളുടെ നിർമ്മാണം ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നു. | മധ്യകാലം | ഗണിത അദ്ധ്യാപകർ | |
| 5. | ഗണിതക്ലബ് രൂപീകരണം (UP & HS) | ക്ലബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ദീർഘകാലം | | |
| 6. | ഗണിത മാഗസിൻ (UP & HS) | ഗണിതാശയങ്ങൾ പ്രശ്നങ്ങൾ പാറ്റേണുകൾ ചിത്രങ്ങൾ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | മധ്യകാലം | ഗണിത അദ്ധ്യാപകർ | |
| 7. | ഗണിതപ്പെട്ടി (UP & HS) | ഗണിതപ്രശ്നങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികളെ കണ്ടെത്തുന്നു.<br>ഗണിതക്വിസ് | ദീർഘകാലം<br>ഹ്രസ്വകാലം | ഗണിത അദ്ധ്യാപകർ<br>ക്ലബ്ബ് അംഗങ്ങൾ | |
| 8. | ഗണിതലാബ് (UP & HS) | വിദ്യാലയത്തിലെ ഒരു മുറിയിൽ ലാബ് സജ്ജമാക്കുന്നു. അവിടെ വച്ച് ക്ലാസ്സ് എടുക്കുന്നു.<br>വിദ്യാലയത്തിൽ പൊതുവെ ഗണിതവുമായി ബന്ധപ്പെട്ട രസകരവും | ഹ്രസ്വകാലം | | |

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ലളിതവുമായ പ്രോജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഗണിത റഫറൻസ്, ബുക്കുകൾ, വർക്കിംഗ് മോഡൽ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാതു ക്ലാസ്സിന് അനുയോജ്യമായി. | ദീർഘകാലം | PTS MPTA Maths Club | |
| 9. | ഗണിത നാട്ടറിവ് (UP & HS) | ഗണിതത്തിന് ഒരു ചരിത്രമുണ്ട്. പ്രാദേശികവും പരമ്പരാഗതമായും ഉപയോഗിക്കുന്ന ഒട്ടേറെ അറിവുകൾ കാലഹരണപ്പെട്ടുപോയിരിക്കുന്നു. ഇവ പുതുതലമുറയെ പരിചയ പ്പെടുത്തുന്നു. പരമ്പരാഗത തൊഴിലാളികൾ ഉപയോഗിച്ചിരുന്ന അറിവുകളും ഉപകരണങ്ങളും ആധുനിക ഗണിത ശാസ്ത്രക്ലാസ്സിൽ ഉപയോഗിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്ത കാണുന്നുണ്ട്. | ദീർഘകാലം | ഗണിത അദ്ധ്യാപകർ | |
| 10. | ഗണിതപാർക്ക് (UP & HS) | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു ഗണിത പൂർക്ക് സജ്ജമാക്കൽ | ദീർഘകാലം | ഗണിത ക്ലബ് | |
| 11. | ഒറിഗാമി ശില്പശാല<br>**ലക്ഷ്യം**<br>രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും ശാക്തീകരണം (HS) | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്ന അവയുടെ ഗണിതശേഷികൾ പട്ടികപ്പെടുത്തുന്നു. പ്രവർത്തനം സംഘടിപ്പിക്കുന്നു. | ദീർഘകാലം | SRGഗണിത അദ്ധ്യാപകർ HM | |
| 12. | ഗണിത പതിപ്പ്<br>ഗണിതക്ലബ് രൂപീകരണം (UP & HS) | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു. | ദീർഘകാലം | കുട്ടികൾ ഗണിത അദ്ധ്യാപകർ | |
| 13. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിന് ഉപയോഗിക്കുന്നു. (UP & HS) | ICT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ ......ക്രിയകൾ പോലെ യുള്ള പ്രവർത്തനങ്ങള ICT സാധ്യത ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവിശ്യം | ഗണിത അദ്ധ്യാപകൻ | |
| 14. | ദിനാചരണം വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവസാനിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 15. | ഗണിത വിഷയത്തിൽ കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതപ്പാട്ട്, ഗണിത നാടകം, ഗണിതക്കളികൾ | | ഗണിത അദ്ധ്യാപകർ ഗണിത ക്ലബ് | |
| 16. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ജ്യോമട്രിക് ചാർട്ടുകൾ, ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുന്നു. | ദീർഘകാലം | ഗണിത അദ്ധ്യാപകർ ഗണിത ക്ലബ് | |
| 16. | രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ. നടത്തുന്നു. ചുമതലകൾ നൽകുന്നു. | ഓരോ മാസവും | അദ്ധ്യാപകർ HM PTA | |

## മേഖല : ശാസ്ത്രം

### പൊതുലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.

3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണ ങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താൻ ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

6. ആധുനികശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

7. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും, മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.

# Basic Science

## ശാസ്ത്രപരീക്ഷണങ്ങൾ - അക്കാദമികം - Long Term

| Sl. No | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ശാസ്ത്രപരീക്ഷണങ്ങൾ സ്വയം ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുന്നതിന് (UP & HS) | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വയം ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള അവസരം നൽകുന്നു. | ദീർഘകാലം | സയൻസ് ക്ലബ് | PTA |
| 2. | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നതിന് (UP & HS) | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | ദീർഘകാലം | സയൻസ് ക്ലബ് | PTA |
| 3. | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുമുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| 4. | ഹൈടെക് വേൾഡ് | ICT ഉപയോഗിച്ച് ക്ലാസ്സുകൾ കൂടുതൽ മെച്ചപ്പെടുത്തുകയും ശാസ്ത്രാവബോധം വളർത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| 5. | ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസ വസ്തുക്കളും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരം തിരിച്ച് ക്രമീകരിക്കുക | മധ്യകാലം | സയൻസ് ക്ലബ് | |
| 6. | ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയ രീതിയിലാക്കുക. ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടപ്പാക്കുന്നു. | ചാന്ദ്ര ദിനവുമായി ബന്ധപ്പെട്ട് കുട്ടികളിൽ കൂടുതൽ അറിവുകൾ ലഭിക്കുന്നതിന് വീഡിയോ പ്രദർശനം നടപ്പിലാക്കുന്നു. ജൂലൈ 21 ന് ചാന്ദ്രദിനം ആചരിക്കുന്നു. | മധ്യകാലം | സയൻസ് അധ്യാപകർ | |
| 7. | അന്വേഷണ ത്വഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | രക്ഷിതാക്കൾ |

## മേഖല : ഭാഷ (മലയാളം)

### പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നും, എഴുതുന്നു എന്നും ഉറപ്പാക്കുക.

2. വായിക്കുന്നതും എഴുതുന്നതുമായ വസ്തുതകൾ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി എല്ലാ കുട്ടികൾക്കും ഉണ്ടാകുക.

3. ഒരു ആശയത്തെ ക്രമമായും ചിട്ടയായും അവതരിപ്പിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക.

4. ആശയങ്ങളെ വിവിധരീതിയിൽ അവതരിപ്പിക്കുന്നതിന് പ്രാപ്തരാക്കുക.

5. വിവിധ സാഹിത്യരൂപങ്ങളും അവ തമ്മിലുള്ള വ്യത്യാസങ്ങളും തിരിച്ചറിയാനുള്ള കഴിവുലഭിക്കുക.

6. സാഹിത്യ രൂപങ്ങൾ ആസ്വദിക്കാനുള്ള കഴിവ് വളർത്തുക.

7. സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

8. സംസ്കാരത്തെ അറിയുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും പ്രാപ്തരാക്കുക

9. ജീവിതമൂല്യങ്ങൾ ഗ്രഹിക്കുന്നതിനും പാലിക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

10. സമൂഹ നന്മയ്ക്കുവേണ്ടിയുള്ള ജീവിതം നയിക്കാൻ പ്രേരകമാകുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | തെറ്റുകൂടാതെയും മനസിലാക്കിയും വായിക്കുക (UP & HS) | സ്കൂൾ അസംബ്ലിയിൽ വാർത്തകൾ, കുറിപ്പുകൾ മുതലായവ വായിപ്പിക്കുന്നു. | ദീർഘകാലം | ഭാഷാ അദ്ധ്യാപകൻ | |
| | | ക്ലാസ് റൂമിൽ പാഠപുസ്തകം വായിപ്പിക്കുക. (ഗ്രൂപ്പ് വായന) | ദീർഘകാലം | ഗ്രൂപ്പ് ലീഡർ | |
| | | പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, നോട്ടീസുകൾ മുതലായവ വായിക്കാൻ പ്രേരിപ്പിക്കുന്നു. | ദീർഘകാലം | അദ്ധ്യാപകൻ രക്ഷകർത്താവ് സഹപാഠികൾ | |
| 2. | തെറ്റുകൂടാതെ എഴുതാൻ പരിശീലിപ്പിക്കുക. (UP) | പകർത്തിയെഴുത്ത് | ദീർഘകാലം | ഭാഷാ അദ്ധ്യാപകൻ | |
| | | ഡയറിക്കുറിപ്പ് തയ്യാറാക്കൽ | ദീർഘകാലം | | |
| | | പത്രവാർത്താ ബുക്ക് | ദീർഘകാലം | | |
| | | കഥ, കവിത, ഉപന്യാസ രചനകൾ | മധ്യകാലം | | |
| | | കേട്ടെഴുത്ത് | ദീർഘകാലം | | |
| 3. | ആശയപ്രകടനം (UP & HS) | കഥ വിപുലീകരിക്കൽ ചർച്ചാ ക്ലാസുകൾ | ദീർഘകാലം | ഭാഷാ അദ്ധ്യാപകൻ രക്ഷ കർത്താവ് | |
| | | പ്രബന്ധം, പ്രസംഗം തുടങ്ങിയവ | ഹ്രസ്വകാലം | | |
| | | കഥ, ഉപന്യാസം, കവിത, അ ഭിപ്രായങ്ങൾ എന്നിവ എഴുതിപ്പിക്കൽ | മധ്യകാലം | ഭാഷാ അദ്ധ്യാപകൻ | |
| | | മൈമിംഗ് | | | |
| 4. | വിവിധ രീതിയിലുള്ള ആശയ പ്രകടനങ്ങൾ (HS) | നാടകാഭിനയം വിവിധകലാരൂപത്തിലുള്ള ആശയ പ്രകടനങ്ങൾ (തുള്ളൽ, കഥാപ്രസംഗം, പദ്യ പാരായണം മുതലായവ) | മധ്യകാലം | ഭാഷാ അദ്ധ്യാപകൻ | |
| 5. | കഥ, കവിത, നോവൽ, ആട്ടക്കഥ, ഉപന്യാസങ്ങൾ തുടങ്ങിയ സാഹിത്യ രൂപങ്ങളുടെ പരിചയപ്പെടൽ (HS) | പാഠപുസ്തകങ്ങളിൽ പഠിക്കാനുള്ള സാഹിത്യകാരന്മാരുടെ കൃതികൾ അവതരിപ്പിക്കുന്നു. വായനയ്ക്ക് തെരഞ്ഞെടുക്കുന്നു. | ദീർഘകാലം | ലൈബ്രേറിയൻ അദ്ധ്യാപകൻ | |

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | വ്യത്യസ്ത രീതിയിലുള്ള സാഹിത്യ രൂപങ്ങൾ ആസ്വദിക്കാനുള്ള കഴിവ് രൂപപ്പെടുത്തൽ (UP & HS) | സിനിമാ പ്രദർശനം<br>കഥകളി പ്രദർശനം<br>പാഠപുസ്തകങ്ങളിലെ കവിതാലാപനം (ഇന്റർനെറ്റ്)<br>ഈണം കണ്ടെത്തൽ.<br>ഗ്രൂപ്പ് അവതരണം<br>മാതൃകാവായന - അഭിനയം | ദീർഘകാലം | IT@school Trainee<br>അദ്ധ്യാപകൻ<br>അദ്ധ്യാപകൻ | P.T.A |
| 7. | പാഠപുസ്തകങ്ങളിലെ കലാരൂപങ്ങൾ, ആഘോഷ ങ്ങൾ ഇവ കണ്ടെത്തുന്നു. (UP & HS) | ചർച്ച നടത്തട്ടെ<br>പഴയ കേരള പ്രകൃതി, ഇന്നത്തെ കേരള പ്രകൃതി, ആഘോഷങ്ങളിലും ജീവിതരീതിയിലും വന്ന മാറ്റങ്ങൾ<br>കഥകളിലും, കവിതകളിലും നിറഞ്ഞു നിൽക്കുന്ന സാംസ്കാരിക മൂല്യങ്ങൾ കണ്ടെത്തട്ടെ. | മധ്യകാലം | രക്ഷ കർത്താവ്<br>അദ്ധ്യാപകൻ | |
| 8. | പാഠഭാഗങ്ങളിൽ നിന്നും ജീവിത മൂല്യങ്ങൾ കണ്ടെത്തുന്നു. (UP & HS) | അഭിമുഖ സംഭാഷണം (ഉന്നതരായ വ്യക്തികളുടെ ജീവിതത്തിലുണ്ടായിട്ടുള്ളവ) | ദീർഘകാലം | അദ്ധ്യാപകൻ<br>ഉന്നതരായ വ്യക്തികൾ<br>പൂർവ്വ അദ്ധ്യാപകർ | P.T.A |
| | | സിനിമാ പ്രദർശനം (മൂല്യജീവിതം നയിച്ചവർ)<br>ആത്മകഥകളുടെ വായന (അംബേദ്കർ, ടാഗോർ, ഗാന്ധിജി, ഗോഖലെ, ഡോ. എ.പി.ജി. അബ്ദുൾ കലാം മുതലായവരുടെ ജീവിത കഥ കൾ, സി.ഡി. പ്രദർശനം) | മധ്യകാലം | IT@school Trainee<br>അദ്ധ്യാപകൻ | P.T.A |

## മേഖല : ഭാഷ (സംസ്കൃതം)

### പൊതുലക്ഷ്യങ്ങൾ

1. സംസ്കൃതത്തിൽ സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ
2. സംസ്കൃതത്തിൽ ഉള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
4. സംവാദത്തിന് തയ്യാറാക്കുക.
5. കവിതാസ്വാദനം
6. സാങ്കേതിക വിദ്യാസാധ്യതകൾ സംസ്കൃതഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
7. വ്യാകരശുദ്ധിയോടെ സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
8. പ്രത്യേക പരിഗണന ആവിശ്യമുള്ളവർക്ക് ICT സഹായത്തോടെയും അല്ലാതെയും പഠനം രസകരമാക്കാനുള്ള അവസരം ഉറപ്പാക്കുക.
9. സ്വയം രചനയ്ക്കുള്ള പിന്തുണ നൽകുക.

# സാങ്കേതിക സംസ്കൃതം - അക്കാദമികം/സംസ്കൃതം

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പാഠപുസ്തകങ്ങളിലെ പ്രസിദ്ധ രായവരെ മനസ്സിലാക്കുന്നു. | സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ച് ചർച്ച, പഞ്ചതന്ത്ര കഥകൾ ചർച്ചകൾ നടത്തുന്നു. | പഠന സമയ മനുസരിച്ച് | സംസ്കൃതാ ദ്ധ്യാപിക. മറ്റ് അ ദ്ധ്യാ പ കർ. SITC, PSITC എ ന്നി വ രുടെ സഹായം | |
| 2. | സുഭാഷിതങ്ങൾ കൈരളി ഭാഷ യിൽ കണ്ടെത്തുന്നു. | IT സഹായത്തോടെ സുഭാഷിതങ്ങൾ കണ്ടെത്തി വരാൻ ആവശ്യപ്പെട്ടു കൊണ്ട് പുതിയവ കണ്ടെത്തുന്നു. കഥകൾ കാണിക്കുന്നു. | പഠന സമയ മനുസരിച്ച് | | |
| 3. | സംസ്കൃത ലൈബ്രറി | സംസ്കൃത ഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥ ങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം. | ദീർഘകാലം | സംസ്കൃതാ ദ്ധ്യാപിക. ലൈ ബ്ര റി അ ദ്ധ്യാ പ കൻ. | |
| 4. | വീട് ഒരു പരീക്ഷണശാല | കാണുന്നതും കേൾക്കുന്നതും ഉപയോ ഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 5. | പ്രത്യേകം പരിഗണന അർഹി ക്കുന്നവർക്കായുള്ള പ്രവർത്ത നങ്ങൾ | ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാൻ അവസരം. | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു സംസ്കൃത അദ്ധ്യാപിക. | |

## മേഖല : ഭാഷ (ഹിന്ദി)

### പൊതുലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയ വിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
2. ഹിന്ദിയിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സംവാദത്തിന് തയ്യാറാക്കുക.
5. തിയ്യറ്ററുകൾ
6. കവിതാസ്വാദനം
7. സാങ്കേതിക വിദ്യാസാധ്യതകൾ ഹിന്ദിഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക. മുഴുവൻ കുട്ടികളേയും ഹിന്ദി കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കാം.
8. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുക.
9. സാഹിത്യരൂപങ്ങൾ ആസ്വദിക്കാനുള്ള കഴിവ് വളർത്തുക.
10. സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

| Sl. No | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഹിന്ദിയുടെ പ്രാധാന്യം മനസ്സിലാക്കുകയും നമ്മുടെ ജീവിതത്തിൽ ഹിന്ദി എങ്ങനെ പ്രയോജനപ്പെടുന്നു എന്നു മനസ്സിലാക്കി കൊടുക്കുക. **(UP & HS)** | ജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം (ഹിന്ദി) എന്നതിന് ഉദാഹരണങ്ങൾ കണ്ടെത്തുന്നു. നോർത്തേൺ സൈഡിൽ പഠിക്കുന്ന പരിചയക്കാരോടും മറ്റും തിരക്കി വിവരങ്ങൾ ശേഖരിക്കാം. | വർഷം ആരംഭം | ഹിന്ദി അദ്ധ്യാപിക | |
| 2. | ആർമി, നേവി, ഫയർഫോഴ്സ്, നോർത്തേൺ സൈഡിലോട്ട് ജോലി കിട്ടുകയാണെങ്കിൽ അവിടെ ഹിന്ദി ഉപയോഗിക്കേണ്ടതുണ്ട്. | നോർത്തേണിൽ ജോലി ചെയ്യുന്ന പരിചയക്കാരുമായി അഭിമുഖം നടത്തുക. | വർഷം ആരംഭം | ഹിന്ദി അദ്ധ്യാപിക | |

# മേഖല : സാമൂഹ്യശാസ്ത്ര പഠനം

## പൊതുലക്ഷ്യങ്ങൾ

1. കരിക്കുലം ലക്ഷമാക്കുന്ന എല്ലാ സാമൂഹ്യ ശാസ്ത്ര പഠനനേട്ടങ്ങളും, എല്ലാ കുട്ടികളും ആർജ്ജിക്കുക.
2. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതി ഉള്ള കുട്ടികളെ അത് മറിനടക്കാൻ പിന്തുണ നൽകുക.
3. സമൂഹത്തെ അറിയുന്നതിനും, ഭൂമിയെഅറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.
4. സാമൂഹ്യ ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുക
5. സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്തുക
6. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.
7. സാമൂഹിക, പാരിസ്ഥിതിക അവബോധം വളർത്തുക.
8. സാമൂഹ്യ ചിന്ത, സാമൂഹ്യ ബോധം , സാമൂഹ്യ വിശകലന ശേഷി എന്നിവ എല്ലാകുട്ടികളിലും വികസിപ്പിക്കുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | | | | |
| | സാമൂഹ്യശാസ്ത്ര മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | | | | |
| 1. | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിയപ്പെടാം. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ :- സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളുടെ കഴിവുകളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 2. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 3. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സെമിനാർ റൂം:- സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കാൻ ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രോജക്ട് റൂം etc....<br>ചരിത്ര സിനിമാ പ്രദർശനം ചരിത്ര കൊട്ടാരം:-<br>വിവിധ മേഖലകളെ കുറിച്ച് കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ., മാനേജ്മെന്റ് |

# മേഖല : ഭാഷ (ഇംഗ്ലീഷ്)

## പൊതുലക്ഷ്യങ്ങൾ

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

2. ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതി ഉള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

3. ശരിയായ ഉച്ചാരണത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ടുമനസിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.

4. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

6. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്തുക.

7. ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപക ശാക്തീകരണം

8. CWSN കുട്ടികളെ നേർധാരയിലെത്തിക്കുക.

9. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | | | | |
| | | സമ്മർ ഗ്രാമർ സ്കൂൾ – അക്കാദമികം | | | |
| 1. | ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ (UP & HS) | പൂർവ്വ അദ്ധ്യാപകരുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും സഹായത്തോടെ നടപ്പിലാക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | | ഇംഗ്ലീഷ് ബുള്ളറ്റിൻ | | | |
| 2. | ഇംഗ്ലീഷ് രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ (UP & HS) | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | മധ്യകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ എച്ച്.എം | 2000/- പരസ്യത്തിലൂടെ കണ്ടെത്തണം |
| | | ഇംഗ്ലീഷ് ഫെസ്റ്റ് | | | |
| 3. | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ (UP & HS) | മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നിണ്ട് നിൽക്കുന്ന പ്രവർത്തനങ്ങൾ | ഹ്രസ്വകാലം | പി.ടി.എ. എച്ച്.എം. ഇംഗ്ലീഷ് അദ്ധ്യാപകൻ | 5000/- സ്പോൺസർഷിപ്പ് |
| | | ഇംഗ്ലീഷ് അസംബ്ലി | | | |
| 4. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ (UP & HS) | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷ് അവതരിപ്പിക്കുന്നു. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ ക്ലാസ്സ് ടീച്ചർ | |
| | | ഇംഗ്ലീഷ് ഡയറി | | | |
| 5. | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ (UP & HS) | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുക | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ ക്ലാസ്സ് ടീച്ചർ | |
| | | ഇംഗ്ലീഷിൽ സർഗാത്മക പ്രവർത്തനങ്ങൾ | | | |
| 6. | ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ (HS) | Skill, Conversation, Drama etc..... | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000. (PTA) |

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | | | | |
| | | **ഇംഗ്ലീഷ് ചാറ്റിംഗ്** | | | |
| 7. | ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ (UP & HS) | സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | ദീർഘകാലം | ക്ലാസ്സ് ടീച്ചർ | |
| | | **മലയാളം കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തം ചെയ്യൽ** | | | |
| 8. | വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടൽ (UP & HS) | ലളിതമായ മലയാളം കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 5000/- സ്പോൺസർഷിപ്പ് |
| | | **ഗ്രാമർ സ്കൂൾ** | | | |
| 9. | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ (UP & HS) | വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | മധ്യകാലം | ക്ലാസ്സ് ടീച്ചർ/ ഇംഗ്ലീഷ് അദ്ധ്യാപകൻ | 5000/- പൂർവ്വ വിദ്യാർത്ഥി സംഘടന |
| | | **പ്രസംഗ തർജ്ജിമ** | | | |
| 10. | തത്സമയ വിവർത്തന പാടവം നേടാൻ (HS) | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | ദീർഘകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | **പദപ്രശ്ന നിർമ്മാണം** | | | |
| 11. | കളികളിലൂടെയുള്ള ഭാഷാപഠനം (UP) | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിച്ച് കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ കണ്ടെത്തുന്നു. | ഹ്രസ്വകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | **ഇംഗ്ലീഷ് കോർണർ** | | | |
| 12. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ (UP & HS) | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | ദീർഘകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | **ഇംഗ്ലീഷ് പഠനം** | | | |
| 13. | കുട്ടികൾക്ക് ഇംഗ്ലീഷിൽ താത്പര്യം വർദ്ധിപ്പിക്കൽ (UP & HS) | Quiz Competition<br>Spell well game | ദീർഘകാലം | ഇംഗ്ലീഷ് ടീച്ചർ | |

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | **English only in English Class** | | | |
| 14. | ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കൽ (UP & HS) | Interactive Videos<br>Short Movies<br>Debates | മധ്യകാലം | ഇംഗ്ലീഷ് ടീച്ചർ | |
| | | **Students English Dictionary** | | | |
| 15. | എല്ലാ കുട്ടികൾക്കും പാഠസംബന്ധമായ വാക്കുകളുടെ അർത്ഥം ലഭ്യമാക്കൽ (UP & HS) | Classroom interaction<br>Sharing word meanings | മധ്യകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | | **ഇംഗ്ലീഷ് ക്ലബ്ബ്** | | | |
| 16. | ഇംഗ്ലീഷ് ഭാഷാപഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ (UP & HS) | ഇംഗ്ലീഷ് ഭാഷയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള പരിപാടികൾ<br>ഉദാ: ഇംഗ്ലീഷ് കഥാരചന<br>ഇംഗ്ലീഷ് കവിതാ രചന | ദീർഘകാലം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 1000/-<br>സ്പോൺസർഷിപ്പ് |
| | | **ഭാഷാ ലാബ്** | | | |
| 17. | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കൽ (UP & HS) | രചന<br>Debates<br>Discussion | ദീർഘകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | **പുസ്തക പ്രദർശനം** | | | |
| 18. | ഇംഗ്ലീഷിലെ പ്രശസ്തമായ കൃതികൾ പരിചയപ്പെടുത്തൽ (UP & HS) | വിദ്യാലയത്തിന് അടുത്തുള്ള ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ സമീപിച്ച് പുസ്തക സമാഹരണവും അതിനോടനുബന്ധിച്ച് പ്രദർശനവും സംഘടിപ്പിക്കൽ | ദീർഘകാലം | ഇംഗ്ലീഷ് ക്ലബ്ബ് | 5000/-<br>സ്പോൺസർഷിപ്പ് |
| | | **ഇംഗ്ലീഷ് പത്രം / മാസിക പ്രസിദ്ധീകരിക്കൽ** | | | |
| 19. | ഇംഗ്ലീഷിൽ പ്രാവീണ്യം നേടൽ (UP & HS) | കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള രചനകൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരണം | മധ്യകാലം | ഇംഗ്ലീഷ് ക്ലബ്ബ് | |
| | | **ഇംഗ്ലീഷ് പഠനം** | | | |
| 20. | ആനുകാലിക വിഷയങ്ങളിൽ ഇംഗ്ലീഷിൽ സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക (HS) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സെമിനാർ, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മധ്യകാലം | എസ്. ആർ.ജി | 5000/-<br>പി.ടി.എ<br>സ്പോൺസർഷിപ്പ് |
| | | **ഇംഗ്ലീഷ് ബ്ലോഗ്** | | | |
| 21. | ഇംഗ്ലീഷിലുള്ള രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ (UP & HS) | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | ദീർഘകാലം | H.M./PTA/<br>ഇംഗ്ലീഷ് ക്ലബ്ബ് | 2000/-<br>സ്പോൺസർഷിപ്പ് |

# മേഖല : കലാപരിശീലനം

## പൊതുലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക

2. കലാ അഭിരുചി വളർത്തുക

3. ഓരോ കുട്ടികളുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക

4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

5. സ്കൂൾ കലോത്സവങ്ങൾക്ക് മാത്രമല്ലാതെ അവരുടെ ജീവിതത്തിലും പ്രയോജനം ചെയ്യുന്ന കലകൾക്ക് പ്രാധാന്യം നൽകുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | | | | |
| **കലാമണ്ഡപം** | | | | | |
| 1. | കലാവാസനകൾക്ക് പരിപോഷണം (UP & HS) | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കഥകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലനകേന്ദ്രം ആരംഭിക്കുന്നു. അവധി ദിവസങ്ങളിൽ പരിശീലനം | ദീർഘകാലം | ആർട്ട്സ് ക്ലബ്ബ് | സ്പോൺസർഷിപ്പ് |
| **ചിത്രരചനാക്കളരി** | | | | | |
| 2. | ചിത്രരചനയിൽ പ്രാവീണ്യം നേടൽ (UP & HS) | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | ദീർഘകാലം | എസ്. ആർ.ജി | സ്പോൺസർഷിപ്പ് |
| **നാടകക്കളരി** | | | | | |
| 3. | പഴമയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കൽ (UP & HS) | അവധി ദിവസങ്ങളിൽ കുട്ടികൾക്ക് ചരിത്രപരവും സാംസ്കാരികപരവുമായ നാടകം പരിശീലിക്കുന്നതിന് സ്കൂളിൽ അവസരം നൽകുന്നു. | ദീർഘകാലം | ആർട്ട്സ് ക്ലബ്ബ് | പി.ടി.എ സ്പോൺസർഷിപ്പ് |
| **വർണ്ണക്കൂട്ട്** | | | | | |
| 4. | കുട്ടികളുടെ കലാവാസനകൾ കണ്ടെത്തുക. (UP & HS) | അവധിക്കാലത്ത് കുട്ടികളുടെ രചനാ മത്സരങ്ങൾ സ്കൂളിൽ സംഘടിപ്പിക്കുന്നു. | മധ്യകാലം | ആർട്ട്സ് ക്ലബ്ബ് | സ്പോൺസർഷിപ്പ് |

# മേഖല : പ്രവൃത്തി പരിചയം

## പൊതുലക്ഷ്യങ്ങൾ

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയ പഠനവുമായി പ്രവൃത്തി പരിചയനുഭവത്തെ ബന്ധിപ്പിക്കുക.
4. ജീവിത വിജയത്തിന് ഉതകുന്ന തൊഴിൽ പരിശീലനം നൽകുക
5. കുട്ടികൾ സ്വയം കണ്ടെത്തുന്ന, നിർമ്മിക്കാവുന്നവയ്ക്ക് പ്രോത്സാഹനവും സഹായവും നൽകുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികൾക്കുള്ള കഴിവുകൾ കണ്ടെത്തൽ. (UP & HS) | Products from Waste Materials<br>Clay Modeling<br>Bamboo Making | ദീർഘകാലം | H.M., Teachers | Sponser-ship |
| 2. | കുട്ടികളെ സ്വയം തൊഴിൽ പരിശീലിപ്പിക്കൽ (UP & HS) | മെഴുകുതിരി നിർമ്മാണം<br>പേപ്പർ ബാഗ് നിർമ്മാണം<br>നോട്ട് ബുക്ക് നിർമ്മാണം | ദീർഘകാലം | P.T.A | Sponser-ship |
| 3. | കുട്ടികൾക്ക് ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തൽ (UP & HS) | ഓൺലൈൻ ഷോപ്പിംഗ്<br>ഓൺലൈൻ പ്രോഡക്ട്റ്റ്സ് മുതലായവ പരിചയപ്പെടുത്തൽ | ദീർഘകാലം | IT Club | |

# മേഖല : കായികവിദ്യാഭ്യാസം

## പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

2. ആരോഗ്യ ശീലങ്ങൾ വളർത്തുക

3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക

4. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

| Sl. No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക<br>പേശി ശക്തി വർദ്ധിപ്പിക്കുന്നതിന് (UP & HS) | Mass Drill | മധ്യകാലം | Sports Club/ Physical Education Teacher | |
| 2. | അത്‌ലറ്റിക് മത്സരങ്ങളിൽ സജ്ജരാക്കുക<br>പേശി ശക്തി, പേശി ക്ഷമത ഉറപ്പാക്കുക.<br>വിവിധ മത്സരങ്ങളുടെ നിയമങ്ങൾ മനസ്സിലാക്കി കൊടുക്കുക. (UP & HS) | അത്‌ലറ്റിക്സ്<br>Race, Shotput, Discuss Throw, Javeline throw, Hamme throw | ദീർഘകാലം | Physical Education Teacher | |
| 3. | മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ സജ്ജമാക്കുന്നു.<br>പേശിക്ഷമത, പേശി ശക്തി, ശ്വാസന ക്ഷമത കൈവരിക്കുന്നതിന് ബേസിക് സ്കിൽ പഠിപ്പിക്കുന്നു. (UP & HS) | ഫുട്ട് ബോൾ | ദീർഘകാലം | Physical Education Teacher | |
| 4. | ഓരോ കളികളുടെ നിയമാവലിയും, സ്കില്ലും മനസ്സിലാക്കുന്നതിന് (UP & HS) | ഐ.ടി. സാദ്ധ്യത ഉപയോഗിച്ച് വിവിധ മത്സരങ്ങൾ പ്രദർശിപ്പിക്കുക. | ഹ്രസ്വകാലം | Physical Education Teacher | |

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുനൽകുക.
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക
- സാമൂഹ്യ ബന്ധം മെച്ചപ്പെടുത്തുക
- വിവിധ തൊഴിലുകൾ പരിശീലിപ്പിക്കുക
- വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
- ഭിന്നശേഷിക്കാർക്കായി തൊഴിൽ പരിശീലനം
- അദ്ധ്യാപക ശാക്തീകരണം
- വ്യക്തി ശുചിത്വം
- ജൈവ വൈവിദ്ധ്യപാർക്ക്
- മദ്യം, മയക്കുമരുന്ന്, പുകയില മുക്ത ക്യാമ്പസ്
- ഹൈടെക് ക്ലാസ് റൂം
- കൃഷിയിൽ താൽപര്യം വർദ്ധിപ്പിക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടൽ
- വിവിധ ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി നേടിയെടുക്കൽ
- സ്വയം തൊഴിൽ പരിശീലനം
- വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- മൂല്യബോധം വളർത്തൽ
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കൽ
- മാതൃഭാഷയ്ക്കൊപ്പം മറ്റു ഭാഷകളിലും ഉയർന്ന ശേഷി കൈവരിക്കൽ
- തുല്യത, സമത്വം ഇവയുടെ കാഴ്ചപ്പാട് രൂപപ്പെടൽ
- ജനകീയ സംവിധാനം ശക്തിപ്പെടുത്തൽ
- പഠനത്തെ പരിസരബന്ധിയാക്കൽ
- പ്ലാസ്റ്റിക് മുക്ത, ലഹരി മുക്ത ക്യാമ്പസ്

# മോണിട്ടറിംഗ്

സ്കൂൾ SRG യുടെ നേതൃത്വത്തിൽ ഓരോ മാസവും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പി.ടി.എ., സബ്ജക്ട് കൗൺസിൽ, വിവിധ ക്ലബ്ബുകൾ ഇവയുടെ യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിന്റെ പുരോഗതി സംബന്ധിച്ച കാഴ്ചപ്പാട് രൂപപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ രൂപപ്പെടുന്ന അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

# ഉപസംഹാരം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പൂർത്തിയാക്കലിനുവേണ്ടി പൊതു സമൂഹത്തിന്റേയും മറ്റും സേവനങ്ങൾ പരമാവധി പ്രയോജപ്പെടുത്തി വിദ്യാർത്ഥി സൗഹൃദാന്തരീക്ഷം സ്കൂളിൽ വളർത്തിയെടുക്കുന്നതിന് ഒരു ശ്രമം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിലേക്കായി പൂർവ്വ വിദ്യാർത്ഥികളുടേയും പൂർവ്വ അദ്ധ്യാപകരുടെയും സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. എല്ലാവരുടേയും യോജിച്ച പ്രവർത്തനത്തിലൂടെ സ്കൂളിനെ മികച്ച അക്കാദമിക് നിലവാരത്തിലേക്കും മികച്ച ഭൗതിക സാമൂഹിക ചുറ്റുപാടുകളിലേക്കും നയിക്കേണ്ടതും ഒരു അവശ്യഘടകമാണ്.

ആധുനിക സമൂഹം നേരിടുന്ന ഏറ്റവും ഗുരുതരമായ ഭീക്ഷണികളിലൊന്നാണ് മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വർദ്ധിച്ചുവരുന്ന ഉപയോഗം. യുവതലമുറയിൽപ്പെട്ടവരുടെ ഇടയിൽ മദ്യാസക്തിയും, മയക്കുമരുന്നുകളുടെ ഉപയോഗവും വർദ്ധിച്ചുവരുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ അതിജീവിക്കുന്നതിനും നാടിന്റേയും സമൂഹത്തിന്റേയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു യുവജനതയെ വാർത്തെടുക്കുന്നതിനും സ്കൂൾ മുൻകൈ എടുക്കുന്നതാണ്. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗവും പ്രചാരവും കുറയ്ക്കുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള വിവിധ പരിപാടികൾ പൊതു സമൂഹത്തിന്റെ പിന്തുണയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കുന്നതുമാണ്.

ഇങ്ങനെ നിരവധിയായ പ്രവർത്തനങ്ങളിൽക്കൂടി സ്കൂളിലും സ്കൂളിരിക്കുന്ന പ്രദേശത്തും സമൂഹത്തിലും നിരവധി ആരോഗ്യകരമായ മാറ്റങ്ങൾ കൊണ്ടുവന്ന് സ്കൂളിനെ മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നതുമാണ്. ഇതിലൂടെ മികച്ച ഒരു തലമുറയെ നാടിനായി സൃഷ്ടിക്കുന്നതിന് വിദ്യാലയം നേതൃത്വം കൊടുക്കുന്നതാണ്.